17734
3/8/24

31/8/24

സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

സംഗ്രഹം

**തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ധനലക്ഷ്മി ബാങ്ക് മുഖേന ഡിജിറ്റൽ ക്യാഷ് അക്സപ്റ്റൻസ് സിസ്റ്റം (UPI/POS Machine) സജ്ജീകരിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

ആർ.ഒ.സി.1653/23/ഇഡിപി. തിരുവനന്തപുരം, 31.08.2024

**പരാമർശം:** 1. 06/07/2024 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.
2. 25/07/2024 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.
3. ദേവസ്വം അക്കൗണ്ട്സ് ഓഫീസറുടെ 13/08/2024 ലെ ഡി.എ.4824/24/ ബി-4 നമ്പർ റിപ്പോർട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ധനലക്ഷ്മി ബാങ്ക് മുഖേന 'Digital Cash Acceptance System' സ്ഥാപിക്കുന്നതിനായി തീരുമാനിച്ച് ബോർഡ് ഉത്തരവായതിൻ പ്രകാരം തിരുവനന്തപുരം ഗ്രൂപ്പിൽപ്പെട്ട ശ്രീകണ്ഠേശ്വരം, തിരുവല്ലം ദേവസ്വങ്ങളിൽ POS/UPIQR code എന്നിവ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നുവെന്നും, എന്നാൽ ആയതിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടതായി വിവരിച്ചുകൊണ്ടും, കൂടുതൽ ക്ഷേത്രങ്ങളിൽ POS/UPIQR code എന്നിവ സ്ഥാപിക്കുന്നതിലേക്കും, ആയതുമായി ബന്ധപ്പെട്ട് ധനലക്ഷ്മി ബാങ്കുമായി കരാറിൽ ഏർപ്പെടുന്നതിലേക്കുമുള്ള വിവിധ ശിപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ടുമുള്ള ദേവസ്വം അക്കൗണ്ട്സ് ഓഫീസറുടെ റിപ്പോർട്ട് (പരാമർശം-3) ലഭ്യമായി.

ദേവസ്വം അക്കൗണ്ട്സ് ഓഫീസറുടെ റിപ്പോർട്ട് ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ഡിജിറ്റൽ പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്ന ദേവസ്വങ്ങളിൽ ഡിജിറ്റലായി ലഭിക്കുന്ന തുകകൾ പരിപാലിക്കുന്നത് സംബന്ധിച്ച് ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു:

## ഉത്തരവ്

1. ചുവടെ വിവരിക്കുന്ന സബ്ഗ്രൂപ്പുകളിൽ കൂടി *(അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, ജൂനിയർ സൂപ്രണ്ട് ഗ്രേഡ്)* ശ്രീകണ്ഠേശ്വരം, തിരുവല്ലം ദേവസ്വങ്ങളിൽ സ്ഥാപിച്ച മാതൃകയിൽ QR code, POS മെഷീനുകൾ സ്ഥാപിക്കുന്നതിന് നിശ്ചയിച്ചും, ആയത് സംബന്ധിച്ച നിർദ്ദേശം ബാങ്കിന് നൽകുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

   നെയ്യാറ്റിൻകര ഗ്രൂപ്പ്

   വെള്ളായണി, നെയ്യാറ്റിൻകര, മലയിൻകീഴ്

തിരുവനന്തപുരം ഗ്രൂപ്പ്

കുശക്കോട്

ഉള്ളൂർ ഗ്രൂപ്പ്

ഒറ്റി.സി, പേരൂർ, ഗൗരീശപട്ടം

വർക്കല ഗ്രൂപ്പ്

വർക്കല, ശാർക്കര

കൊല്ലം ഗ്രൂപ്പ്

തിരുമുല്ലവാരം, പി.ഡി തൃക്കടവൂർ, മുഖത്തല

കൊട്ടാരക്കര ഗ്രൂപ്പ്

പി.ഡി കുലശേഖരനല്ലൂർ, പി.ഡി പട്ടാഴി, പടിഞ്ഞാറ്റിൻകര

പുനലൂർ ഗ്രൂപ്പ്

കുളത്തൂപ്പുഴ, കടയ്ക്കൽ

കരുനാഗപ്പള്ളി ഗ്രൂപ്പ്

ഓച്ചിറ, പടനായർകുളങ്ങര, കുമരംചിറ, ശാസ്താംകോട്ട

മാവേലിക്കര ഗ്രൂപ്പ്

ചെട്ടികുളങ്ങര, മാവേലിക്കര, കണ്ടിയൂർ, കണ്ണനാകുഴി, പുതിയിടം

ഹരിപ്പാട് ഗ്രൂപ്പ്

ഹരിപ്പാട്, ഏവൂർ, നങ്ങ്യാർകുളങ്ങര

അമ്പലപ്പുഴ ഗ്രൂപ്പ്

അമ്പലപ്പുഴ, ചേർത്തല, മുല്ലയ്ക്കൽ

തിരുവല്ല ഗ്രൂപ്പ്

തിരുവല്ല ശ്രീവല്ലഭ

ആറന്മുള ഗ്രൂപ്പ്

ആറന്മുള, ചെങ്ങന്നൂർ, മലയാലപ്പുഴ, പന്തളം വലിയകോയിക്കൽ

മുണ്ടക്കയം ഗ്രൂപ്പ്

വള്ളിയംകുന്ന്, എരുമേലി, ചെറുവള്ളി, ചിറക്കടവ്, കൊടുങ്ങൂർ

കോട്ടയം ഗ്രൂപ്പ്

തിരുനക്കര

ഏറ്റുമാനൂർ ഗ്രൂപ്പ്

ഏറ്റുമാനൂർ ദേവസ്വം

വൈക്കം ഗ്രൂപ്പ്

വൈക്കം, തുറവൂർ

പറവൂർ ഗ്രൂപ്പ്

ആലുവ, തൃക്കാക്കര, മൂകാംബി

ശബരിമല ഗ്രൂപ്പ്

നിലയ്ക്കൽ, പമ്പ

2. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഗ്രേഡ് ക്ഷേത്രങ്ങളിൽ പത്ത് ദിവസത്തിനകവും, അതിന് ശേഷം സ്പെഷ്യൽ ഗ്രേഡ്, ഹയർ ഗ്രേഡ് ദേവസ്വങ്ങളിൽ ഒരു മാസത്തിനുള്ളിലും, തുടർന്ന് ഫസ്റ്റ് ഗ്രേഡ്, സെക്കന്റ് ഗ്രേഡ് ക്ഷേത്രങ്ങളിൽ രണ്ട് മാസത്തിനുള്ളിലും QR code, POS മെഷീനുകൾ സ്ഥാപിക്കുന്നതിന് ബാങ്കുമായി കരാറിൽ ഏർപ്പെടുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

3. മേൽപ്പറഞ്ഞ ദേവസ്വങ്ങളുടെ സബ്ഗ്രൂപ്പിന്റെ നാമത്തിൽ ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ പേരിൽ എസ്.ബി അക്കൗണ്ട് ആരംഭിച്ച് വരവ് തുക സ്വീകരിക്കേണ്ടതാണ്. മേൽപ്പറഞ്ഞിട്ടുള്ളതിൽ തൃക്കടവൂർ, കുലശ്ശേഖരനല്ലൂർ, പട്ടാഴി തുടങ്ങിയ പി.ഡി ദേവസ്വങ്ങളുടെ വരവ് തുക സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറുടെ പേരിൽ സമാന മാതൃകയിൽ

ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കേണ്ടതാണ്. ആയത് സംബന്ധിച്ച നിർദ്ദേശം ബാങ്കിന് നൽകുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

4. മേൽ വിഷയം സംബന്ധിച്ച് ലാ ആഫീസറിൽ നിന്നും ലഭ്യമാകുന്ന കരട് കരാർ പരിശോധിച്ച് ആയത് പ്രകാരം ധനലക്ഷ്മി ബാങ്കുമായി നിയമാനുസൃത കരാറിൽ ഏർപ്പെടുന്നതിന് ദേവസ്വം കമ്മീഷണറെയും, കരാർ നിബന്ധനങ്ങൾ അനുസരിച്ച് കാര്യക്ഷമമായി ക്ഷേത്രങ്ങളിൽ ഡിജിറ്റൽ പേയ്മെന്റ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള തുടർനിർദ്ദേശങ്ങൾ ധനലക്ഷ്മി ബാങ്കിനും, ദേവസ്വം ബോർഡിനു കീഴിലുള്ള ബന്ധപ്പെട്ട ഓഫീസുകൾക്കും നൽകുന്നതിന് ദേവസ്വം അക്കൗണ്ട്സ് ഓഫീസറെയും ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി
(ഒപ്പ്)
**സെക്രട്ടറി**

**പകർപ്പ്:**

1. ദേവസ്വം കമ്മീഷണർ *(തുടർ നടപടിയ്ക്കായി)*
2. ഫൈനാൻസ് & അക്കൗണ്ട്സ് ഓഫീസർ *(തുടർ നടപടിയ്ക്കായി)*
3. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ *(തുടർ നടപടിയ്ക്കായി)*
4. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
5. ലാ ആഫീസർ
6. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഫിനാൻസ് ഇൻസ്പെക്ഷൻ)
7. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
8. എല്ലാ ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
9. എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
10. പ്രൊജക്ട് മാനേജർ, ഓട്ടോമേഷൻ ടീം
11. ഐ.റ്റി ഡിവിഷൻ *(വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)*
12. സെക്ഷൻ ഫയൽ
13. ഫെയർ ഓഫീസ് കോപ്പി.

അംഗീകാരത്തോടെ,

അസിസ്റ്റന്റ് സെക്രട്ടറി